**നഈം സിദ്ദീഖി**

# ദാറുൽ ഇസ്‌ലാമിലെ ദിനരാത്രങ്ങൾ

ചൗധരി നിയാസ് അലി സാഹിബുമായുണ്ടായ ഒരഭിപ്രായഭിന്നതമൂലം 'ദാറുൽ ഇസ്‌ലാമിൽ'നിന്ന് മൗലാനാ മൗദൂദിയും സഹപ്രവർത്തകരും 1939 ജനുവരി 26-ന് ലാഹോറിലേക്ക് തങ്ങളുടെ പ്രവർത്തന കേന്ദ്രം മാറ്റിയിരുന്നു. 1941 ആഗസ്റ്റ് 26-ന് ജമാഅത്തെ ഇസ്‌ലാമി രൂപീകൃതമായ ശേഷം പ്രസ്ഥാനത്തിന് ഒരു കേന്ദ്ര ആസ്ഥാനം ആവശ്യമായിവന്നു. ഈയവസരത്തിൽ ചൗധരി നിയാസ് അലി സാഹിബ് മൗദൂദിയെ വീണ്ടും ദാറുൽ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അങ്ങനെ 1942 ജൂൺ പതിനഞ്ച് മുതൽ ദാറുൽ ഇസ്‌ലാം വീണ്ടും മൗദൂദിയുടെ പ്രവർത്തനകേന്ദ്രമായി. 1946 വരെയും ജമാഅത്തിന്റെ കേന്ദ്ര ഓഫീസും തർജുമാനുൽ ഖുർആൻ ഓഫീസും ദാറുൽ ഇസ്‌ലാമായിരുന്നു. ഒരു മാതൃകാ ഇസ്‌ലാമിക ഗ്രാമമായിരുന്ന ദാറുൽ ഇസ്‌ലാമിലെ ജീവിതത്തെക്കുറിച്ച ഓർമകൾ പുതുക്കുകയാണ് കവിയും ഗ്രന്ഥകാരനും പത്രപ്രവർത്തകനും സർവോപരി മൗലാനാ മൗദൂദിയുടെ അടുത്ത കൂട്ടുകാരിലൊരാളുമായ നഈം സിദ്ദീഖി.

പഠാൻകോട്ട് ദാറുൽ ഇസ്‌ലാമിലെ ആ ഹ്രസ്വകാല ജീവിതം ഞങ്ങൾക്കൊരിക്കലും മറക്കാനാവുകയില്ല. അവിടത്തെ ദിനരാത്രങ്ങൾ! നാഴികമണിയുടെ മണിനാദം! പള്ളിമിനാരങ്ങൾ! ബാങ്കൊലി! പള്ളിയിൽ പ്രഭാഷണങ്ങളും ക്ലാസുകളും ശ്രദ്ധിച്ചുകേൾക്കുന്ന വിജ്ഞാന ദാഹികൾ! രക്ഷിതാവിന്റെ സന്നിധാനത്തിൽ പ്രണമിച്ചുകൊണ്ടിരിക്കുന്നവർ! അവിടെ പച്ചിച്ചു നിന്നിരുന്ന സസ്യലതാദികകളുടെ ഓരോ തളിരും ഇന്നും എന്റെ മനസ്സിന് കുളിരേകുന്നു. വീതിയേറിയ റാവി നദിയിലെ വെള്ളം ഇന്നുമെന്റെ മനസ്സിൽ ഓളം തല്ലുകയാണ്.

നോക്കൂ! പ്രഭാത നമസ്കാരത്തിനുള്ള വിളിനാദമുയർന്നു. ആ പ്രദേശത്തെ പുരുഷാമത്രയും പള്ളിയിൽ ഒരുമിച്ചു കൂടുന്നു. ഭക്തിയും ശക്തിയും ഒത്തുചേർന്ന നമസ്കാരം. പ്രസ്ഥാന നായകൻ തന്നെ നേതൃത്വം കൊടുക്കുന്നു. നിറുത്തി നിറുത്തിയുള്ള ഖുർആൻ പാരായണം. കേൾവിക്കാർക്ക് അർഥമുൾകൊണ്ട് അതിനെ പിന്തുടരാൻ എന്തൊരു സൗകര്യം!

നമസ്കാരം കഴിഞ്ഞു. ഹ്രസ്വമായൊരു പ്രാർഥന. പിന്നെ ഖുർആൻ ക്ലാസ് ആരംഭിച്ചു. ഞങ്ങളെ ഞങ്ങളാക്കിയ 'ജീവിതക്ലാസ്' എന്ന് പറയുകയാവും ശരി. ഓരോ സൂക്തത്തെ സംബന്ധിച്ചും ചോദ്യങ്ങളും സംശയങ്ങളും ഉന്നയിക്കപ്പെടുന്നു. ഏതുതരം ചോദ്യങ്ങൾക്കും തൃപ്തികരമായ മറുപടി ലഭിക്കുന്നു. മറുപടി കേൾക്കുമ്പോൾ നാം വിസ്മയപ്പെട്ടു പോവുന്നു. ഓരോ വാക്യവും ഒരു പുതിയ ചിന്തക്ക് വേണ്ട കട്ടകൾ ചുട്ടെടുക്കുന്നതായി അനുഭവപ്പെടുന്നു. പരിമിതമായ ഈ ഒരു മണിക്കൂർ നേരം ഭാവി നൂറ്റാണ്ടിന് വേണ്ടി ചരിത്ര നിർമാണം നടത്തുകയാണ്.

ക്ലാസ് സമാപിച്ചു. കക്ഷത്ത് മുസ്ഹഫുമായി അവർ പിരിഞ്ഞു. എല്ലാവരും താന്താങ്ങളുടെ ജോലിയിൽ നിരതരായി. മലിക് ഗുലാം അലി സാഹിബ് ലൈബ്രറിയിലെ ജോലിയിൽ മുഴുകി. സയ്യിദ് അബ്ദുൽ അസീസ് ശർഖി സാഹിബ് തർജുമാനുൽ ഖുർആന്റെ ഓഫീസ് തുറന്നു. സയ്യിദ് നഖി അലിയും ഹാമിദ് സാഹിബും കുട്ടികളെ പഠിപ്പിക്കാനാരംഭിച്ചു. ഈയുള്ളവനും തന്റെ ഓഫീസിലിരുന്ന് തർജുമാനുൽ ഖുർആനിനു വേണ്ടി എഴുതാനാരംഭിച്ചു. അതാ ഹാഫിസ് അതാഉർറഹ്മാൻ (മർഹൂം) സാഹിബ് തന്റെ ക്വാർട്ടേഴ്സിൽ നിന്ന് കുശലം പറയാനും ഹുക്കവലിക്കാനും വേണ്ടി പുറത്തേക്ക് വരുന്നു. അദ്ദേഹത്തിന്റെ ഏക മകൻ അബ്ദുർറഹീം പശുവിനെ മേയ്ക്കാൻ പുറത്തേക്ക് പോകുന്നു.

അങ്ങോട്ട് നോക്കൂ! അത് തുർക്കിയിൽ നിന്നുള്ള ഒരു പാലായകനാണ്. അഅ്സം ഹാശിമി. വലിയ തറവാടുകാരനായിരുന്നു. ഒടുവിൽ നാടുവിടേണ്ടി വന്നു. ഇപ്പോൾ ഇവിടെ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കുകയാണ്.

പടിഞ്ഞാട്ട് നോക്കൂ! സദ്റുദ്ദീൻ ഇസ്‌ലാഹി സാഹിബിന്റെ താമസ സ്ഥലമാണത്. 'സദ്ർഖാന' എന്നാണ് ഞങ്ങളതിന് പേരിട്ടിരിക്കുന്നത്. സദ്റുദ്ദീൻ സാഹിബിന് അല്ലാഹു വളരെ മെലിഞ്ഞ ഒരു ശരീരമാണ് നൽകിയിരിക്കുന്നത്. പക്ഷേ അദ്ദേഹത്തിന്റെ ബുദ്ധി വളരെ ഭാരിച്ചതായിരുന്നു. പ്രായംകൊണ്ട് ചെറുപ്പക്കാരനാണെങ്കിലും വിജ്ഞാനം കൊണ്ട് ഒരു കാരണവർ.

ആ മാവിൻ ചുവട്ടിൽ വെള്ള വസ്ത്രങ്ങളണിഞ്ഞ് ഇരിക്കുന്നതാരാണ്? അത് മറ്റാരുമല്ല. ജനങ്ങൾ "മൗലാനാ മൗദൂദി" എന്ന് വിളിക്കുന്ന ആൾതന്നെ. ചിലപ്പോൾ എഴുത്തിൽ മുഴുകിയിരിക്കും. ചിലപ്പോൾ സന്ദർശകരുമായി സംഭാഷണം, മറ്റു ചിലപ്പോൾ ഓഫീസ് ഉദ്യോഗസ്ഥരുമായി ചർച്ച!

ഇതാ മറ്റൊരു തുർക്കി സഹോദരൻ. തുഖ്താ അഖ്വന്ത്. ഇയാൾ ഗ്രാമത്തിൽ പല സേവനങ്ങളും ചെയ്തുകൊടുക്കുന്നു. ഇപ്പോൾ, കുതിരയെ പന്തിയിൽനിന്ന് അഴിച്ചു മേച്ചിൽ സ്ഥലത്തേക്ക് അയക്കുകയാണ്. തിരിച്ചുവന്ന് മൗലാനാ മൗദൂദിയുടെ അടുത്ത് ചെന്ന് കുതിരയുടെ ജീവിത കഥ കേൾപ്പിക്കുന്നു. "ഈ കുതിര സാഹിബുണ്ടല്ലോ. കുരുത്തം കെട്ട ഒരാളാണ് കെട്ടോ. പക്ഷേ, എനിക്കവന്റെ സ്വഭാവം നന്നായറിയാം." മൗദൂദി പറയുന്നു. "ശരി, തുഖ്താ അഖ്വന്ത്. കുട്ടികളെയുംകൊണ്ട് ഡോക്ടറുടെ അടുത്തുവരെ പോകണം. ടോങ്ക (ഒരു ഇരു ചക്രവണ്ടി) കൊണ്ടുവരൂ." തുഖ്താ പോകുന്നു. ടോങ്കയുമായി തിരിച്ചെത്തുന്നു. കുതിരയെ ടോങ്കയിൽ കെട്ടുന്നു. ഒന്നാംഘട്ടം കഴിഞ്ഞു. ഇനി രണ്ടാം ഘട്ടം. കുതിരയെ ഓടിക്കണം. അവിടെ ഒരു സർക്കസ് അരങ്ങേറുകയായി. മൗദൂദി 'ഡ്രൈവിംഗ്' ഏറ്റെടുക്കുന്നു. പക്ഷേ കുതിരസാഹിബ് അനുസരിക്കുന്നില്ല. തുഖ്താ സാഹിബ് പല പണികളും നോക്കുന്നു. പക്ഷേ, പറ്റുന്നില്ല. ഒടുവിൽ അവസാനത്തെ ആയുധം പ്രയോഗിക്കുന്നു. കുതിര വായുവിലേക്ക് എടുത്തുചാടുന്നു. ടോങ്കയിൽ മൗലാനയുടെ കുട്ടികളുടെ ഉപ്പാ ഉപ്പാ എന്ന നിലവിളി. പക്ഷേ, ഇരുന്ന ഇരുപ്പിൽ മൗദൂദിക്ക് യാതൊരു ഇളക്കവുമില്ല.

സമയം ഉച്ചയായി. മുറാദ് അലിഷാ സുഹൻ നമസ്കാരത്തിന് ബാങ്ക് വിളിച്ചു. ജമാഅത്തായി നമസ്കാരം. കൊച്ചുകുട്ടി

കൾ പിൻനിരയിൽ സ്ഥാനംപിടിച്ചിരിക്കുന്നു. നമസ്കാരാനന്തരം അവരവരുടെ ജോലികളിലേക്ക് പിരിഞ്ഞുപോയവർ അസർ നമസ്കാരത്തിന് വേണ്ടി വീണ്ടും ഒത്തുകൂടി. നമസ്കാരശേഷം ഹദീസ്ക്ലാസ്. ചർച്ചയും ചോദ്യങ്ങളും. നിലവാരം കുറഞ്ഞ ചോദ്യങ്ങൾ, നിലവാരം കൂടിയ ചോദ്യങ്ങൾ, ബുദ്ധിപരമായ ചോദ്യങ്ങൾ, പ്രായോഗിക പ്രശ്നത്തെക്കുറിച്ച ചോദ്യങ്ങൾ, വളച്ചുകെട്ടിയ ചോദ്യങ്ങൾ, സ്പഷ്ടമായ ചോദ്യങ്ങൾ! എല്ലാറ്റിനും തൃപ്തികരമായ മറുപടി.

നോക്കൂ! മലിക് ഗുലാം അലി സാഹിബ് വിറകുകൾ കെട്ടാക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ജനറൽ സെക്രട്ടറി മിയാൻ തുഫൈൽ മുഹമ്മദ് കയറും ചാക്കുമായി നടന്നുപോകുന്നു. അദ്ദേഹം സ്വയംതന്നെ ഈർച്ചപ്പൊടി ചാക്കിൽ നിറച്ച് കെട്ട് തലയിൽ ചുമന്ന് ഒന്നരനാഴിക നടന്ന് വീട്ടിലെത്തിക്കുന്നു. അബ്ദു റഹീം (പിൽക്കാത്ത് ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമിയുടെ നേതാവ്) അരിവാളുമെടുത്ത് പുല്ലിൻ കെട്ട് കൊണ്ടുവരാൻ പോകുന്നു.

അവശേഷിച്ചവർ മൗദൂദിയുടെ കൂടെ പുഴക്കരയിലേക്ക് പോകുന്നു. അവർ പാറക്കല്ലുകളിൽ കയറി കാലുകൾ വെള്ളത്തിൽ താഴ്ത്തിയിട്ട് ഇരിക്കുന്നു. മഗ്‌രിബ് വരെ പല വിഷയങ്ങളെയും കുറിച്ച ചർച്ചകൾ. മഗ്‌രിബ് നമസ്കാരം അധികവും അവിടുന്ന് തന്നെയായിരിക്കും. മടങ്ങിവരുമ്പോൾ അത്താഴത്തിനുള്ള സമയമായിരിക്കും. ഓരോരുത്തരും താന്താങ്ങളുടെ വീടുകളിൽനിന്ന് കൊണ്ടുവന്ന ഭക്ഷണപ്പൊതികൾ വിശാലമായ മൈതാനത്ത് സുപ്രവിരിച്ച് ഒരുമിച്ചിരുന്ന് കഴിക്കുന്നു. അതിഥികളെ സൽക്കരിക്കലും വൈവിധ്യമുള്ള ഭക്ഷ്യപദാർഥങ്ങൾ ആസ്വദിക്കലും ഒരുമിച്ച് നടക്കുന്നു. പിന്നീട് പരന്ന ചർച്ച. ദാറുൽ ഇസ്‌ലാം എന്ന ഗ്രാമം തൊട്ട് അന്തർദേശീയ തലം വരെ.

നോക്കൂ! എന്തൊരു സവിശേഷ ഗ്രാമം! ഒരു പുതിയ സൗഹൃദത്തിന്റെ, സാഹോദര്യത്തിന്റെ ഉറവ. ഇവിടെ അവരുടെ ജീവിതവും മരണവും ഒന്നുതന്നെ. സുഖദുഃഖങ്ങൾ പരസ്പരം പങ്കിടുന്നു. പർവത സമാനങ്ങളായ സുശക്ത പ്രത്യയശാസ്ത്രങ്ങളെ തകർത്തെറിയാൻ പോന്ന പുതിയൊരാദർശത്തിന്റെ ബീജാവാപമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

**പിശാച്**

ദേശീയത കടുപ്പമേറിയ ഒരു വിഷമദ്യമാണ്. അത് അകത്ത് ചെന്നാൽ ബുദ്ധിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടും. ആത്മീയവും ധാർമികവുമായ കാര്യങ്ങൾ അപ്രസക്തങ്ങളായിത്തീരും. ഈ ലഹരി പാരമ്യത്തിലെത്തിക്കഴിഞ്ഞാൽ പിന്നെ മനുഷ്യൻ എല്ലാ സാംസ്കാരിക മൂല്യങ്ങളും വലിച്ചെറിഞ്ഞ് ഒരു പിശാചായി മാറും. ഈ മദ്യമായിരുന്നു ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ചില ഹിന്ദുക്കൾ പാനം ചെയ്തിരുന്നത്. അവരുടെ ചുവടൊപ്പിച്ച് മുസ്‌ലിംകളും അത് തന്നെ കുടിച്ചു. ഇരുപക്ഷത്തെയും നേതാക്കളും പത്രപ്രവർത്തകരും സാഹിത്യകാരന്മാരും ബുദ്ധിജീവികളും തങ്ങളുടെ സമൂഹങ്ങളിൽ ദേശീയവികാരം കുത്തിവെയ്ക്കുന്നതിൽ മത്സരിക്കുകയായിരുന്നു. ഫലമോ? പൊതുജനത്തിന് ലഹരി കയറി, അവർ കലാപസൂത്രം പഠിച്ച് നൃത്തം ചവിട്ടാൻ തുടങ്ങി. കത്തിയും കഠാരിയുംകൊണ്ട് പിഞ്ചുമക്കളുടെ വയർ കുത്തിക്കീറി. വൃദ്ധന്മാരുടെ കാലുകൾ വെട്ടിമാറ്റി, അമ്മപെങ്ങന്മാരുടെ മാനം കെടുത്തി, ധാർമിക മൂല്യങ്ങളുടെ നേരെ പല്ലിളിച്ചുകാട്ടി, സംസ്കാരത്തെ കുരിശിലേറ്റി, കുലീനതയ്ക്ക് ശവപ്പെട്ടിയൊരുക്കി. മനുഷ്യത്വത്തെ പ്രകമ്പനം കൊള്ളിച്ചു. അങ്ങനെ സംക്യൂലരിസത്തിന്റെ ആത്മാവ് അറുകൊല ചെയ്യപ്പെടുകയും ശാന്തിയും സമാധാനവും നാട്ടിൽനിന്ന് അപ്രത്യക്ഷമാവുകയും ചെയ്തു. പൗരജീവിതം പിശാചുക്കളുടെ കൈകളിലമർന്നു.

സ്വാതന്ത്ര്യദേവതയുടെ ആഗമനത്തിന്റെ മുന്നോടിയെന്ന നിലയ്ക്ക് കൽക്കത്ത, ബീഹാർ, നവഖാലി തുടങ്ങിയ ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ കലാപക്കൊടി ഉയർത്തപ്പെട്ടു.

**ആശങ്കകൾ, തെറ്റിദ്ധാരണകൾ**

വ്രണിത ഹൃദയങ്ങളുമായാണ് ഇന്ത്യാക്കാർ 1947-നെ വരവേറ്റത്. ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും പരസ്പര വിശ്വാസം നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ആശങ്കകൾ വർദ്ധിച്ചു. ഒരു വ്യവസ്ഥക്ക് കീഴിൽ ഒരുമിച്ചുകഴിയുക അസഹ്യമാണെന്നേടത്തോളം സംഗതികൾ ചെന്നത്തി. വിഭജനമല്ലാത്തൊരു പരിഹാരം ആർക്കും ചിന്തിക്കാനായില്ല.

1947-ന്റെ തുടക്കത്തിൽ ഇറങ്ങിയിട്ടുള്ള തർജമാനുൽ ഖുർആന്റെ പ്രതികൾ പരിശോധിച്ചാലറിയാം ഈ കലാപങ്ങളെ സംബന്ധിച്ചും സാമുദായിക സ്പർദ്ദയെപ്പറ്റിയും ജമാഅത്ത് എന്ത് നിലപാടുകൾ എടുത്തുവെന്ന്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ചേർന്ന ഹൽഖാ സമ്മേളനങ്ങളിൽ ഈ വിഷയത്തിന് മുന്തിയ പരിഗണന നൽകി ചർച്ചചെയ്തിരുന്നു. മെയ്, ജൂൺ മാസങ്ങളിൽ ഞങ്ങളുടെ പ്രദേശത്തും ചില കുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അമൃത്സറിലും ഗുരുദാസ്പൂർ ജില്ലയുടെ പലഭാഗങ്ങളിലും കലാപം തുടങ്ങി. ഈ സമയത്താണ് മെയ് മാസത്തിൽ ജമാഅത്തിന്റെ ഉത്തരേന്ത്യൻ ഹൽഖാ സമ്മേളനം ദാറുൽ ഇസ്‌ലാമിൽ സംഘടിപ്പിച്ചത്. ജില്ലയിൽ 144-ാം വകുപ്പ് പാസ്സാക്കിയിരുന്നു. സമ്മേളനത്തിലേക്ക് ഹിന്ദു സഹോദരന്മാരെയും ക്ഷണിച്ചു. അവർ നല്ലൊരു ശതമാനം വരികയും ചെയ്തു. എങ്കിലും അവരുടെ മുഖങ്ങളിൽ ആശങ്ക നിലനിന്നിരുന്നു.

1947 ജൂൺ 3. പലയിടങ്ങളിലും ലഹളകൾ ആരംഭിച്ച വിവരം കിട്ടിക്കൊണ്ടിരുന്നു. ഞങ്ങളുടെ ഹൽഖയിൽപെട്ട സുൽത്താൻപൂരിൽ (കപൂർത്തല) സർവാധരണീയനായ ഒരു വയോധികനുണ്ടായിരുന്നു. മേസ്ത്രി മുഹമ്മദ് സിദ്ദീഖ്. അദ്ദേഹം വധിക്കപ്പെട്ട വിവരമാണ് രാവിലെ ഞങ്ങളെ എതിരേറ്റത്. ഹിന്ദു വർഗീയവാദികൾ അദ്ദേഹത്തെ യമപുരിയിലേക്കയക്കുകയായിരുന്നു. ഉടൻതന്നെ മിയാൻ മുഹമ്മദ് സുൽത്താൻപൂരിലേക്ക് കുതിച്ചു. ഹിന്ദുക്കളും മുസ്‌ലിംകളുമായി സംസാരിച്ചു. സംഘർഷം ലഘൂകരിക്കുന്നതിന് അത് അൽപം സഹായകമായി. എങ്കിലും ഇന്ത്യൻ മണ്ണിൽ മനുഷ്യത്വം മരിച്ചുകൊണ്ടിക്കുകയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു.

**സന്നദ്ധ പ്രവർത്തനങ്ങൾ**

സാധാരണ പ്രബോധന പ്രവർത്തനങ്ങൾ നിർത്തിവെച്ച് പ്രദേശത്ത് സമാധാനം നിലനിർത്തുന്നതിനും ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും ആശങ്കകൾ ലഘൂകരിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ വാരാന്തയോഗങ്ങളിൽ തീരുമാനിച്ചു. ഈ പ്രവർത്തനങ്ങളുടെ ദൈനംദിന റിപ്പോർട്ട് അമീറെ ജമാഅത്തിന് നൽകിക്കൊണ്ടുമിരുന്നു. രണ്ടു മൂന്ന് പേരടങ്ങുന്ന സംഘങ്ങളായി ഗ്രാമങ്ങളിൽ ചുറ്റിക്കറങ്ങി സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയായിരുന്നു. ആദ്യഘട്ടത്തിൽ, രണ്ടു സംഘങ്ങളാണുണ്ടായിരുന്നത്. മിയാൻ മുഹമ്മദ് സാഹിബും മുറാദ് അലിഷായും ഞാനുമടങ്ങുന്നതായിരുന്നു അതിലൊന്ന്. രണ്ടാമത്തതിൽ മലിക് ഗുലാംഅലി സാഹിബ്, സയ്യിദ് മുഹമ്മദ് ഹാഷിം സാഹിബ്, മുഹമ്മദ് യഹ്‌യാ സാഹിബ് എന്നിവരാണുണ്ടായിരുന്നത്.

കലാപം രൂക്ഷമായപ്പോൾ താഴെ പറയുന്ന വിധം അഞ്ചു സംഘങ്ങൾ രൂപീകരിച്ചു.

1. അഅ്സം ഹാഷിമി, ഇർഫാൻഗാസി, മുഹമ്മദ് ഹാഷിം, നഈം സിദ്ദഈഖി.
2. മിയാൻ തുഫൈൽ, അബ്ദുൽഗഫ്ഫാർഖാൻ, മുഹമ്മദ് ഹാമിദ്, മുറാദ് അലിഷാ
3. മലിക് ഗുലാംഅലി, മുഹമ്മദ് യഹ്‌യാ, രാജാ ഇൻസാനുൽഹഖ്, അബൂസാലിഹ് ഇസ്‌ലാഹി.
4. സയ്യിദ് നഖി അലി, അബ്ദുൽ വഹീദ് ഖാൻ, അബ്ദുറഹീം സാഹിബ്.
5. ചിറാഗ്ദീൻ, ഹാഫിസ് അത്വാഉർറഹ്മാൻ.

സംഘത്തിനുവേണ്ടി മൗലാനാ ലാഹോറിൽനിന്ന് സൈക്കിളുകൾ വാങ്ങിത്തന്നിരുന്നു. സംഘം പുറപ്പെടുമ്പോൾ മൗലാനാ നിർദ്ദേശങ്ങൾ തരികയും അവർ മടങ്ങിവന്നാൽ റിപ്പോർട്ടുകൾ കേട്ട് വിലയിരുത്തുകയും ചെയ്യും. ഒരിക്കൽ അദ്ദേഹം പറഞ്ഞു: അമുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ മുസ്‌ലിംകൾക്ക് നേതൃത്വം നഷ്ട

പ്പെട്ടാൽ അവിടത്തെ മുസ്‌ലിംകളെ അന്ത ഛിദ്രതയും നിരാശയും ബാധിക്കും. അവർക്ക് ആത്മവിശ്വാസം പകരാൻ ജമാഅത്ത് പ്രവർത്തകർ ഇപ്പോഴേ തയാറെടുക്കണം.

ആയിടെ മറ്റൊരു രഹസ്യം അറിയാൻ കഴിഞ്ഞു. ഈ പ്രദേശത്ത് സേവക് സംഘ് (ആർ. എസ്. എസ്) പ്രവർത്തകർ രഹസ്യമായി വരാറുണ്ടെന്നും നിത്യവും അതിരാവിലെ ഹിന്ദുക്കളെ സംഘടിപ്പിച്ച് നിർദേശങ്ങൾ കൊടുക്കുകയും ആയുധപരിശീലനം നൽകുകയും ചെയ്യുന്നുണ്ട് എന്നുമായിരുന്നു അത്. നിജസ്ഥിതി അറിയാൻ ഞാനും ഒരു സുഹൃത്തും കൂടി പുലർച്ചെ പ്രസ്തുത സംഘത്തെത്തി. സേവക് സംഘ് ഇൻസ്ട്രക്റ്ററെ കണ്ടു. അയാൾക്ക് ചുറ്റും ആളുകൾ കൂട്ടംകൂടി ഇരിക്കുന്നുണ്ട്. ഞങ്ങൾ അഭിവാദ്യമർപ്പിച്ചു. അവർ ഞെട്ടിപ്പോയി. ഞങ്ങൾ പറഞ്ഞു. നിങ്ങൾ ഇവിടെ പഠിപ്പിക്കുന്ന കാര്യങ്ങൾ പഠിക്കാൻ ഞങ്ങൾക്കും താൽപര്യമുണ്ട്. അയാൾ പറഞ്ഞു: "ഇവിടെ മതകാര്യങ്ങളാണ് പഠിപ്പിക്കുന്നത്. അതാകട്ടെ സംസ്കൃതത്തിലുമാണ്." ഞങ്ങൾ പറഞ്ഞു: ഞങ്ങൾ ഈ പ്രദേശത്ത് ഹിന്ദുമുസ്‌ലിം സഹോദരന്മാർക്കിടയിൽ രഞ്ജിപ്പും സ്നേഹവും സൃഷ്ടിക്കാൻ വേണ്ടി ഇറങ്ങിത്തിരിച്ചവരാണ്. നിങ്ങളും കൂടി സഹാകരിച്ചാൽ ഉപകാരമായിരുന്നു." പക്ഷേ, ഇക്കാര്യത്തിലൊന്നും അവർക്ക് താൽപര്യമില്ലായിരുന്നു. ഞങ്ങൾക്ക് സത്യാവസ്ഥ മനസ്സിലാക്കാൻ കഴിഞ്ഞെന്നു മാത്രം. ഞങ്ങളെ സംബന്ധിച്ച് ആ പ്രദേശത്ത് നിലനിന്നിരുന്ന രണ്ടു തെറ്റിദ്ധാരണകളും ഞങ്ങൾക്കു വെളിവായി. ഞങ്ങൾ മുസ്‌ലിംലീഗിന്റെ ചാരന്മാരാണെന്നും ദാറുൽ ഇസ്‌ലാമിൽ പാഠാണികളുടെ വലിയൊരു സൈന്യത്തെത്തന്നെ ഞങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്നുമായിരുന്നു അത്.

**ദാറുൽ ഇസ്‌ലാമിൽ 'അടിയന്തരാവസ്ഥ'**

അഭ്യൂഹങ്ങളും ആശങ്കകളും വ്യാപിച്ചുകൊണ്ടിരുന്നു. എല്ലാ ഓഫീസ് ജോലികളും നിർത്തിവെച്ച് പ്രവർത്തകരെല്ലാം തങ്ങളുടെ ഗ്രാമങ്ങളിൽ പ്രവർത്തിക്കണമെന്ന് അമീറെ ജമാഅത്ത് നിർദേശം നൽകി. നിശ്ചിത പ്രദേശങ്ങളിൽ ഞങ്ങൾ ഡ്യൂട്ടി ആരംഭിച്ചു.

ഹിന്ദുക്കളുടെയും സിക്കുകാരുടെയും മുസ്‌ലിംകളുടെയും നേതാക്കളെ ചെന്നുകണ്ടു. മതങ്ങളൊന്നും ഭിന്നിപ്പ് പഠിപ്പിക്കുന്നില്ലെന്നും ഇവയെല്ലാം നമ്മുടെ നേതാക്കന്മാരുടെയും പത്രങ്ങളുടെയും ചെയ്തികൾ മൂലമുണ്ടാകുന്ന വിനയാണെന്നും പറഞ്ഞു ബോധ്യപ്പെടുത്തി. ആദ്യമാദ്യം അൽപം വിമുഖത കണ്ടെങ്കിലും പിന്നീട് തുറന്നു സംസാരിക്കാൻ അവർ തയാറായി. ഹിന്ദുസഹോദരന്മാർ പറഞ്ഞു: "ഞങ്ങൾ ഇതുവരെ മനസ്സിലാക്കിയിരുന്നത് ദാറുൽ ഇസ്‌ലാം മുസ്‌ലിംലീഗിന്റെ ഒരു കേന്ദ്രമാണെന്നായിരുന്നു." ഞങ്ങൾ പറഞ്ഞു: "ഞങ്ങൾക്ക് പാർട്ടിബന്ധങ്ങളൊന്നുമില്ല. ഇസ്‌ലാമിന്റെ വിശുദ്ധതത്വങ്ങൾ മുസ്‌ലിംകളിലും അമുസ്‌ലിംകളിലും പ്രചരിപ്പിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. മനുഷ്യ ജീവിതത്തിന്റെ വിജയം അതിലാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങളുടെ പ്രബോധനവും പ്രവർത്തനവും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യം കണ്ടാൽ നിങ്ങൾക്കവിടെ വെച്ച് ഞങ്ങളെ പിടികൂടാം. സത്യത്തിലും നന്മയിലും ഞങ്ങൾ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും ഒപ്പമുണ്ടാകും. അക്രമത്തിൽ ഹിന്ദുക്കളോടോ മുസ്‌ലിംകളോടോ സഹകരിക്കുകയില്ല. നിങ്ങളും നിങ്ങളുടെ ജനങ്ങൾക്കിടയിൽ ഇതേപോലെ പ്രവർത്തിക്കുക. 'നിങ്ങൾ ഈ ഗ്രാമത്തെ അക്രമിക്കാൻ എല്ലാ ഒരുക്കങ്ങളും ചെയ്തുവെച്ചിരിക്കുന്നുവെന്ന കേട്ടുവല്ലോ' എന്ന ഹിന്ദുസഹോദരന്മാരുടെ ചോദ്യത്തിന് ഞങ്ങൾ ഇങ്ങനെ പ്രതികരിച്ചു: "അക്രമത്തിനല്ല, അക്രമത്തെ നേരിടാൻ. ഇതുപോലെ എല്ലാ പ്രദേശത്തുകാരും തങ്ങളുടെ അക്രമികൾക്കെതിരിൽ സംഘടിക്കുന്നത് നന്നായിരിക്കും. ഏതെങ്കിലും സമുദായക്കാരെ ആക്രമിക്കുകയല്ല, ഒരു പ്രദേശത്തെ എല്ലാ വിഭാഗത്തിലും പെട്ട ആൾക്കാർ ഒറ്റക്കെട്ടായി തങ്ങളെ ആക്രമിക്കാൻ വരുന്നവരെ നേരിടട്ടെ. ഇതാണ് വേണ്ടത്."

മുസ്‌ലിംകൾ ധനവും വിഭവങ്ങളുമില്ലാത്തവരും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരുമായിരുന്നു. അതിനാൽത്തന്നെ അവർ അലസരും ഭീരുക്കളുമായിരുന്നു. ഹിന്ദുക്കളോട് അവർ അടിമത്ത മനോഭാവം പുലർത്തി. ഹിന്ദുക്കൾ കേൾക്കേ ഞങ്ങളോട് സംസാരിക്കാൻപോലും അവർ മടികാണിച്ചു. അവർ വെറും പ്രതിമകളായിരുന്നു! ഞങ്ങൾ അവരെ ബോധ്യപ്പെടുത്തി: ദൈവവിശ്വാസം, ആത്മവിശ്വാസം, പ്രശ്നങ്ങളെ കാണാനുള്ള ദീർഘദൃഷ്ടി, ഇസ്‌ലാമിക വികാരവും വിചാരവും ഇതല്ലാതെ മറ്റൊരു പ്രതിരോധശക്തിയും നമുക്കില്ല. അപകർഷതാബോധം മനസ്സിൽനിന്ന് വലിച്ചെറിയൂ. അല്ലാഹുവിലുള്ള വിശ്വാസം ഉറപ്പിക്കൂ. ഇസ്‌ലാമിക പ്രമാണങ്ങളിൽ അടിയുറച്ചുകൊണ്ട് ദീനും ജീവനും ധനവും മാനവും സംരക്ഷിക്കാൻ പ്രതിജ്ഞയെടുക്കൂ. എന്തെങ്കിലും അപകട സാധ്യത കാണുകയാണെങ്കിൽ ഉടൻ ഞങ്ങളെ അറിയിക്കൂ. ഞങ്ങൾ വന്ന് വേണ്ട സഹായങ്ങൾ ചെയ്തുതരുന്നതായിരിക്കും.

സംഘങ്ങൾ ദിവസവും തങ്ങളുടെ റിപ്പോർട്ട് നൽകും. അതിന്റെ വെളിച്ചത്തൽ ചർച്ചകളും തീരുമാനങ്ങളുമുണ്ടാവും. പിറ്റേ ദിവസത്തേക്കുള്ള പ്രോഗ്രാമുകളും തയാറാക്കും. ദാറുൽ ഇസ്‌ലാമിന് പ്രവർത്തകരുടെ കാവൽ നേരത്തെത്തന്നെ ഉള്ളതാണ്. അത് കൂടുതൽ സുശക്തമാക്കി. രാത്രികാലങ്ങളിൽ ഊഴമനുസരിച്ച് ഓരോ ഗ്രൂപ്പും കാവൽ നിൽക്കും. കാവൽക്കാരിൽ മൗലാനാ മൗദൂദിയും ഉണ്ടാവാറുണ്ട്. രാത്രി ഡ്യൂട്ടിക്കു വരുമ്പോൾ മൗലാന മുറുക്കാനുള്ളതും ഐസും കരുതുമായിരുന്നു.

**ആഗസ്റ്റ് 15-നു ശേഷം**

ആഗസ്റ്റ് 15-ഓടുകൂടി വിഭജനരേഖ പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. സ്വാതന്ത്ര്യത്തിന്റെ പതാകകൾ ദൽഹിയിലും കറാച്ചിയിലും പാറിക്കളിച്ചു. ഇരുഭാഗത്തും ആഘോഷലഹരി. എങ്കിലും സ്വാതന്ത്ര്യത്തിന്റെ ദേവത രക്തത്തിൽ മുങ്ങിക്കുളിച്ച് ശവക്കൂമ്പാരങ്ങൾക്കു മുകളിലൂടെ ഘോഷയാത്ര നടത്തുകയായിരുന്നു. കണ്ണീരോടെ സ്വാതന്ത്ര്യത്തെ പുൽകേണ്ടുവന്നവരുടെ ദീനരോദനങ്ങൾ കേൾക്കാൻ ആരുമുണ്ടായില്ല.

നാട്ടിൽ പലതരം സംസാരങ്ങൾ. ഗുരുദാസ്പൂർ ജില്ല ഇന്ത്യയിൽ ചേർക്കുമെന്നും അതല്ല, പാക്കിസ്ഥാനിൽ പെടുത്തുമെന്നും. ഇതുസംബന്ധിച്ച പ്രഖ്യാപനം നടക്കുന്നതിന്റെ തലേദിവസം എന്റെ ഭാര്യയെ അടിയന്തരമായി ഒരു ഓപ്പറേഷനു വിധേയമാക്കേണ്ടിവന്നു. ഒരു റിക്ഷ വിളിച്ചു. വൈകുന്നേരം നാലു മണിയോടെ പഠാൻകോട്ടിലെ ഒരു ലേഡിഡോക്ടറുടെ അടുത്തെത്തി. ചെന്നപ്പോൾ അങ്ങാടിയെല്ലാം അടച്ചുകൊണ്ടിരിക്കുന്നു. ഹിന്ദു-സിക്ക് വിഭാഗങ്ങൾ ഉന്മാദലഹരിയിൽ ചുറ്റിക്കറങ്ങുന്നു. മുസ്‌ലിംകളുടെ മുഖങ്ങൾ മ്ലാനതയിലാണ്ടുകിടക്കുന്നു. അന്വേഷിച്ചപ്പോൾ ഗുരുദാസ്പൂർ ജില്ല ഭാരതത്തിൽ ലയിപ്പിച്ചതായി അറിയാൻകഴിഞ്ഞു. കേട്ടപ്പോൾ മനപ്രയാസം തോന്നി. അതോടൊപ്പം എന്നെ ഒരു ഭീതി പിടികൂടി. ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള ഈ പട്ടണത്തിൽ ഈ അവസ്ഥയിൽ ഭാര്യയെയുംകൊണ്ട് ചുറ്റിക്കറങ്ങുന്നത് അപകടകരമാണ്. പോകേണ്ടതാകട്ടെ ഒരു സിക്ക് ലേഡിഡോക്ടറുടെ അടുത്തേക്കും! പക്ഷേ, മറ്റു മാർഗമില്ല. അല്ലാഹുവിൽ ഭരമേൽപിച്ചു മുന്നോട്ടുനീങ്ങി. ഡോക്ടറെ കണ്ടു. എന്നാൽ ഒരു മീറ്റിംഗിൽ പങ്കെടുക്കാനുണ്ടെന്നും ഉടൻ വരാമെന്നും പറഞ്ഞ് അവർ സ്ഥലംവിട്ടു. അവർ തിരിച്ചുവരുന്നതുവരെ അവിടെ കഴിച്ചുകൂട്ടിയ രംഗം ഉൽകണ്ഠാകുലം തന്നെയായിരുന്നു.

അവസാനം ഡോക്ടർ വന്നു. ഓപ്പറേഷൻ കഴിഞ്ഞു. മരുന്നുമായി സന്ധ്യയോടെ മടങ്ങി. റിക്ഷ ഞങ്ങളെ കാത്തിരിക്കയായിരുന്നു. റിക്ഷക്കാരനോട് പറഞ്ഞു. നഗരത്തിൽ അന്തരീക്ഷം മോശമാണ്. വേഗം പുറപ്പെടുക! അപ്പോഴാണ് മറ്റൊരു ഭയം. റിക്ഷക്കാരനും ഹിന്ദുവാണ്. ദൈവം രക്ഷിക്കട്ടെ. പഠാൻകോട്ടിന്റെ അതിർത്തികൾ കടന്നുപോകുമ്പോൾ രാത്രിയായിരുന്നു. ഹിന്ദു പ്രദേശവും. അവിടവിടെ ആളുകൾ കൂടിനിൽക്കുന്നു. പക്ഷേ, ഒന്നും സംഭവിച്ചില്ല. സുരക്ഷിതമായി വീട്ടിൽ എത്തിച്ചേർന്നു.

**ഭീകരമായൊരു കോട്ട**

എനിക്കും തുഫൈൽസാഹിബിന്നും നിശ്ചയിക്കപ്പെട്ടിരുന്ന പ്രദേശം രജപുത്രരുടെ കേന്ദ്രമായിരുന്നു. മുസ്‌ലിംകൾ അവിടെ അവരുടെ കീഴിലായിരുന്നു. ഒരു തരം അർധമുസ്‌ലിംകൾ! അല്ലെങ്കിൽ അർധഹിന്ദുക്കൾ! അവിടെ ഒരു മുസ്‌ലിം ഡോക്ടർ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ദൗത്യവുമായി പലപ്പോഴും ഞങ്ങൾ പോയിട്ടുണ്ട്. വീട്ടിലെ ചുമരുകളിൽ ഹിന്ദു ദൈവങ്ങളുടെ ഫോട്ടോകൾ ഫ്രെയിം ചെയ്തുവെച്ചിരുന്നു. അതെന്തിനായിരുന്നു എന്ന ചോദ്യത്തിന് കിട്ടിയ മറുപടി ഇതായിരുന്നു: ''നമ്മുടെ പൂർവപിതാക്കൾ ഹിന്ദുക്കളായിരുന്നുവല്ലോ. അവരുമായുള്ള ബന്ധം വിഛേദിക്കുന്നത് ശരിയല്ല.” ഹിന്ദു രജപുത്രർ അദ്ദേഹത്തോട് എങ്ങും പോകേണ്ടതില്ലെന്നും അവരുടെ കൂടെ കഴിഞ്ഞാൽ മതിയെന്നും ആശ്വസിപ്പിച്ചിരുന്നു. ഡോക്ടറുടെ യുവതിയായ മകളുടെ ഭാവിയോർത്ത് എനിക്ക് സങ്കടം തോന്നി. അവിടെ ഞങ്ങൾക്ക് പണിയെടുക്കുന്ന ഒരു അലക്കുകാരനുണ്ടായിരുന്നു. അയാളോട് നാട്ടിലെ കാരണവന്മാരുടെ പേരുകൾ ചോദിച്ചപ്പോൾ ചില രജപുത്രരുടെ പേരുകൾ പറഞ്ഞുതന്നു. മുസ്‌ലിംകളുടെ പേരുകൾ ചോദിച്ചു. അതിനും ചില മറുപടി കിട്ടി. ഞങ്ങൾ അങ്ങനെ നടന്നു. ഒരിടത്ത് കുറെ ഹിന്ദുക്കൾ കൂടിയിരിക്കുന്നതു കണ്ടു. കുറെ കുറുവടികളും കൂട്ടിയിട്ടിരിക്കുന്നു. അഭിവാദ്യമർപ്പിച്ച് ഞങ്ങൾ അവർക്കിടയിലേക്കു ചെന്നു. പെട്ടെന്നുതന്നെ നിങ്ങൾ ഇവിടെ എന്തിനു വന്നു എന്ന ചോദ്യവും ഉയർന്നു. ഞങ്ങളുടെ പരിപാടി വിശദീകരിച്ചുകൊടുത്തു. അവർ പറഞ്ഞു: “നിങ്ങൾ മുസ്‌ലിംകൾക്ക് എന്തോ ചിലത് പഠിപ്പിച്ചുകൊടുക്കുന്നുവെന്ന് വിവരം ലഭിച്ചിരിക്കുന്നു.” ഞങ്ങൾ പറഞ്ഞു: ഒരോ വിഭാഗക്കാരുടെയും പ്രമുഖ വ്യക്തികളെക്കണ്ട് ഒരേ കാര്യം തന്നെയാണ് ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതല്ലാതെ മറ്റെന്തെങ്കിലും നടപടി ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായെങ്കിൽ അതിന് തെളിവുകൾ ഹാജറാക്കണം. ഉടൻതന്നെ അവർ ആളെ അയച്ച് സാക്ഷിയെ ഹാജറാക്കി. ആരെന്നോ! നമ്മുടെ ആ അലക്കുകാരൻ! മുസ്‌ലിംകളുടെ പേരുകൾ അന്വേഷിച്ചിരുന്ന കാര്യം അദ്ദേഹം നേരെ ഇവിടെവന്ന് പറഞ്ഞുകൊടുത്തതാണെന്നു മനസ്സിലായി. അയാൾ ഞങ്ങളുടെ മുമ്പിൽവെച്ച് ചോദ്യം ചെയ്യപ്പെട്ടതോടെ എല്ലാവർക്കും സത്യം ബോധ്യപ്പെടുകയും ഞങ്ങളെ സംബന്ധിച്ച തെറ്റിദ്ധാരണ നീങ്ങുകയും ചെയ്തു. ഉടനെ കുടിക്കാൻ ശീതളപാനീയം കൊണ്ടുവരപ്പെട്ടു. തുറന്ന സംസാരമാരംഭിച്ചു. സന്ദർഭം ഉപയോഗപ്പെടുത്തി അവരുടെ സദ്വികാരങ്ങളെ ഉണർത്താൻ ശ്രമിച്ചു.

കൂടുതൽ സംസാരിക്കാൻ വേണ്ടി അവർ ഞങ്ങളെ അവരുടെ വലിയ നേതാക്കളുടെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോയി. തെരുവുകൾ നിശ്ശബ്ദം, പ്രവേശനകവാടത്തിൽ പാറാവുകാർ, ഞങ്ങളെ കണ്ടയുടനെ ഒരു കൊച്ചുകുട്ടി മുന്നറിയപ്പെന്ന വണ്ണം കൈവശമിരുന്ന വിസിൽ വിളിച്ചു. ഒരു കവാടത്തിൽ ഞങ്ങൾ നിന്നു. അകത്തുനിന്ന് ആൾ വന്ന് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. ഭീകരത മുറ്റിനിൽക്കുന്ന ഒരു നാലുകെട്ടിന്റെ പ്രതീതിയുള്ള അകത്തളം! ധാരാളം ആളുകൾ നിരന്നിരിക്കുന്നു. ഹിന്ദുക്കളും സിക്കുകാരും. ഒരു സേവക്സംഘ് നേതാവും ഇരിക്കുന്നുണ്ട്. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനും. മൂലകളിലെല്ലാം കുന്തങ്ങൾ തൂക്കിയിട്ടിരിക്കുന്നു. കൃപാണങ്ങൾ ചുമരുകളിൽ കൂട്ടിയിട്ടരിക്കുന്നു. ചിലരുടെ അരപ്പട്ടയിൽ പിസ്റ്റളുകൾ. തികച്ചും അപകടകരമായ മേഖലയിൽ ചെന്നുപെട്ടെന്ന ഭീതി ഞങ്ങളെ കിടിലം കൊള്ളിച്ചു.

ആ വാളുകളുടെയും കുന്തങ്ങളുടെയും ചുവട്ടിൽനിന്നുകൊണ്ട് തുഫൈൽ സാഹിബ് ഒരു പ്രഭാഷണം നടത്തി. അത് സദസ്സിനെ കൈയിലെടുത്തു. അവർ സംശയങ്ങൾ ചോദിച്ചു. നിങ്ങൾ മുസ്‌ലിംലീഗുകാരല്ലേ? ഞങ്ങൾ മുസ്‌ലിംലീഗുകാരോ കോൺഗ്രസുകാരോ അല്ല. രാജ്യം ഒന്നായിരുന്നാലും വിഭജിക്കപ്പെട്ടാലും ഞങ്ങളുടെ ദൗത്യം ഒന്നുതന്നെയായിരിക്കും – ദൈവസന്ദേശം ജനങ്ങളിലെത്തിക്കുക. ഇസ്‌ലാമെന്നാൽ എന്താണെന്ന് ഞങ്ങളവർക്ക് ഹ്യസ്വമായി വിവരിച്ചുകൊടുത്തു.

അതിന്നെതിരിൽ അവർ ഒരു തെളിവ് സമർപ്പിച്ചു: ചൗധരി നിയാസ് അലി സാഹിബ് നിങ്ങളെ കൊണ്ടുവന്ന് സ്വന്തം കെട്ടിടത്തിൽ പാർപ്പിച്ചിരിക്കുമ്പോൾ നിങ്ങൾ ഇപ്പറയുന്നത് എങ്ങനെ വിശ്വസിക്കാനാവും. ഞങ്ങൾ പറഞ്ഞു: ചൗധരി നിയാസ്അലി സാഹിബിന്റെ കെട്ടിടം ഒഴിഞ്ഞുകിടക്കുകയായിരുന്നു. അദ്ദേഹം അത് ചില ഉപാധികളോടെ ഞങ്ങൾക്ക് തന്നു. വാടകയ്ക്ക് കൊടുക്കുന്ന മാതിരി. അദ്ദേഹം ഞങ്ങൾക്ക് ശമ്പളം തരുന്നില്ല. ഞങ്ങളുടെ എല്ലാ പ്രവർത്തനവും ഞങ്ങൾ തന്നെയാണ് ആസൂത്രണം ചെയ്യുന്നതും നടപ്പാക്കുന്നതും. മറ്റൊരു സംശയം ചോദിച്ചു: കഴിഞ്ഞ ദിവസം നിങ്ങൾ അതിർത്തിയിൽനിന്ന് പഠാണികളെ കൊണ്ടുവന്ന് രഹസ്യമായി പാർപിച്ചിട്ടുണ്ടെന്ന് കേട്ടല്ലോ. ഇവിടെ ആക്രമണം നടത്തുന്നതിനു വേണ്ടിയല്ലേ അത്. തുഫൈൽ സാഹിബ് പറഞ്ഞു: “അത് ഞങ്ങളുടെ ഒരു സമ്മേളനമായിരുന്നു. ഉത്തരേന്ത്യയിലെ ഞങ്ങളുടെ പ്രവർത്തകരെല്ലാം അതിൽ പങ്കെടുത്തിരുന്നു. സ്ഥലത്തെ അമുസ്‌ലും സുഹൃത്തുക്കളും സന്നിഹിതരായിരുന്നു അതിൽ. അവരോട് ചോദിച്ചുനോക്കൂ. എന്തൊക്കെയാണ് ആ സമ്മേളനത്തിൽ നടന്നതെന്ന്.” അനന്തരം ജമാഅത്ത് സമ്മേളനത്തിന്റെ സ്വഭാവത്തെക്കുറിച്ച് വിശദമായി അവർക്ക് വിവരിച്ചുകൊടുത്തു. അവർ പറഞ്ഞു: “സമ്മേളനത്തിൽ നല്ല നല്ല കാര്യങ്ങളാണ് നടന്നതെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്. ഇസ്‌ലാം യഥാർഥത്തിൽ ഒരു നല്ല മതം തന്നെയാണ്. എന്നാൽ കോടിക്കണക്കിന് മുസ്‌ലിംകൾ ഞങ്ങൾക്കു മുമ്പിലുണ്ട്. അവരൊന്നും നിങ്ങൾ പറയുന്നതുപോലെ നടക്കുന്നവരല്ല.” തുഫൈൽ സാഹിബ് പറഞ്ഞു: “ഞങ്ങൾ, പക്ഷേ. അങ്ങനെയല്ല. ഞങ്ങൾ ഇസ്‌ലാമിനെ വാക്കുകളിൽ ഒതുക്കി നിർത്തുന്നവരല്ല. ജീവിതത്തിൽ നടപ്പിൽനരുത്താൻ ശ്രമിക്കുന്നവരാണ്. ഇപ്പോൾ നടക്കുന്ന കലാപങ്ങൾ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്ക് നിരക്കുന്നതല്ല. ദേശീയവാദത്തിന്റെ സൃഷ്ടികളാണവ. ഈ ദേശീയവാദ ഭ്രാന്തിൽനിന്ന് മുസ്‌ലിംകളെയും നിങ്ങളെയും രക്ഷിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഞങ്ങൾ ഗ്രാമഗ്രാമാന്തരങ്ങളിൽ ചുറ്റിക്കറങ്ങി നടക്കുകയാണ്. നഖം മുറിക്കുന്ന ഒരു കത്തിപോലും ഞങ്ങളുടെ പക്കലില്ല. നിങ്ങളുടെ ഈ വെളിച്ചമില്ലാത്ത കോട്ട വരെ ഇതേ അവസ്ഥയിലാണ് ഞങ്ങൾ വന്നത്. അപ്പോൾ ആരുടെ മനസ്സിലാണ് കാപട്യമുള്ളതെന്ന് നിങ്ങൾ തന്നെ ചിന്തിച്ചുനോക്കുക.'' ഇതുകേട്ട് അവർക്ക് ലജ്ജയും പശ്ചാതാപവും തോന്നി.

“ഞങ്ങൾ മുസ്‌ലിംകളുടെ അടുത്തേക്കാണ് ഇനി പോകുന്നത്. നിങ്ങൾക്ക് വല്ല സംശയവുമുണ്ടെങ്കിൽ ഞങ്ങളുടെ പിറകെ ഒരാളെ അയച്ചുകൊള്ളൂ” എന്നു പറഞ്ഞ് ഞങ്ങൾ അവിടം വിട്ടു.

മുസ്‌ലിംകൾക്കെതിരെ വല്ലവരും അതിക്രമം കാണിച്ചാൽ ഞങ്ങൾ ഉടനെ എതിർകക്ഷിയിൽപെട്ട നല്ല ആളുകളെ ചെന്നുകാണും. ആ അതിക്രമത്തിനു പരിഹാരം കാണണമെന്ന് അവരോട് അപേക്ഷിക്കും. ഇതായിരുന്നു ഞങ്ങളുടെ പ്രവർത്തന രീതി. അങ്ങനെയിരിക്കെ ഒരു സ്ഥലത്ത് പള്ളി കത്തിക്കപ്പെട്ടതായി വിവരം ലഭിച്ചു. ഞങ്ങൾ മുകളിൽ പറഞ്ഞ ആ രജപുത്രന്മാരെ ചെന്നുകണ്ടു. ആ ഗ്രാമത്തിൽ ചെന്ന് അവിടത്തെ സ്ഥിഗതികൾ നേരെയാക്കാൻ അവരോട് ആവശ്യപ്പെട്ടു. അതിന് നല്ല ഫലമുണ്ടാവുകയും ചെയ്തു.

**മൂകതയിൽ ഒരു പെരുന്നാൾ**

അക്കൊല്ലത്തെ പെരുന്നാൾ ആഘോഷിക്കപ്പെട്ടത് തികച്ചും മ്ലാനത മുറ്റിനിന്ന അന്തരീക്ഷത്തിലായിരുന്നു. പള്ളിയിൽ ആൾക്കാർ നന്നേ കുറവ്. അവരിൽതന്നെ പലരുടെയും വസ്ത്രങ്ങൾ മുഷിഞ്ഞതായിരുന്നു. പുറത്ത് പലയിടത്തും പെരുന്നാൾ ആഘോഷം തന്നെയില്ലെന്ന് മനസ്സിലായി. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് പെരുന്നാൾ ഖുതുബയിൽ ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്നു കൊടുക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. നമസ്കാരത്തിനു ശേഷം പുറത്തുനിന്ന് വരുന്നവരുമായി സംസാരിച്ചു. വല്ല ആപത്തുമുണ്ടാവുകയാണെങ്കിൽ അലാറമടിച്ചോ, ആളെ അയച്ചോ വിവരം തരണമെന്ന് അവരോട് പറഞ്ഞു. ഞങ്ങൾ എണ്ണത്തിൽ കുറവാണെങ്കിലും സഹായത്തിനെത്തുമെന്ന് ഉറപ്പ് കൊടു

ത്തു.

**കുടിയേറ്റം**

പടിഞ്ഞാറൻ പഞ്ചാബിൽനിന്ന് അമൃതസറിലേക്ക് ലോറികളും ട്രക്കുകളുമായി അസംഖ്യം അമുസ്‌ലിംകൾ കുടിയേറിപ്പാർപ്പ് ആരംഭിച്ചു കഴിഞ്ഞിരുന്നു. കാൻഗ്ഡ്രാബാദ് നിന്ന് മുസ്‌ലിംകളെല്ലാം ഒഴിച്ചുവരവ് തുടങ്ങിയിരിക്കുന്നു. എന്നാൽ അമുസ്‌ലിംകളാണ് കൂടുതലായി വന്നുകോണ്ടിരുന്നത്.

**പ്രതിരോധ നടപടികൾ**

പ്രദേശത്തെ പ്രതിരോധ നടപടികൾ നേരത്തെ തന്നെ എടുത്തു കഴിഞ്ഞിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം പെട്ടെന്ന് ദാറുൽ ഇസ്‌ലാമിൽ അപകടമണി മുഴങ്ങി. സംഭവം ഇതാണ്: ഒരാൾ റെയിൽവെ ലൈനിലൂടെ ഓടിവന്ന് അക്രമികൾ വരുന്നുണ്ടെന്നും ഓടിരക്ഷപ്പെടാൻ മാർഗം നോക്കണമെന്നും വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ എന്ത് ചെയ്യണമെന്ന് നേരത്തെതന്നെ പരിപാടിയിട്ടിരുന്നു. തദടിസ്ഥാനത്തിൽ ഓരോരുത്തരും കുന്തങ്ങളുമേന്തി നിശ്ചിത സ്ഥാനങ്ങളിൽ നിലയുറപ്പിച്ചു. ഈ ആയുധങ്ങൾ അമൃതസറിൽനിന്ന് ഉണ്ടാക്കി പഠാൻകോട്ടിൽ എത്തിച്ചത് ഈയുള്ളവൻ തന്നെയായിരുന്നു. ഓരോന്നും പ്രത്യേകം പ്രത്യേകം പേക്ക് ചെയ്ത് കൊണ്ടുവരുമ്പോൾ അത് പിടിക്കപ്പെട്ടാലുള്ള ഭവിഷ്യത്തിനെപ്പറ്റി ചിന്തയേ ഉണ്ടായിരുന്നില്ല. ഇപ്പോൾ അതോർക്കുമ്പോൾ ഭയം തോന്നുകയാണ്. ശരി. നമുക്ക് കഥയിലേക്ക് മടങ്ങാം.

അപകടമണി മുഴങ്ങിയപ്പോൾ മൗലാനാ മൗദൂദിയും ചില സുഹൃത്തുക്കളും ദാറുൽ ഇസ്‌ലാമിന് പുറത്തായിരുന്നു. പതിവുപോലെ സവാരിക്കുവേണ്ടി നദീതീരത്തേക്ക് പോയതായിരുന്നു അവർ. അലാറം കേട്ട് മൗദൂദിയും സുഹൃത്തുക്കളും കുതിച്ചുവന്നു. അന്ധനായ ഹാഫിസ് അതാഉർറഹ്മാൻ ഒരു ചെറുപ്പക്കാരന്റെ സഹായത്തോടെ ദ്രുതഗതിയിൽ നടന്ന് വരുന്നത് കണ്ടു. എല്ലാവരും എത്തിയപ്പോഴേക്കും രണ്ടാമത്തെ വിവരം വന്നു. കുഴപ്പമൊന്നുമില്ല. അക്രമികൾ മറ്റേതോ വഴിക്ക് തിരിഞ്ഞ് പോയിരിക്കുന്നു. അതോടെ സമാധാന സൂചകമായി മണി മുഴങ്ങി.

അടുത്ത പ്രഭാതം ശാന്തമായി പുലർന്നു. തലേനാളത്തെ സംഭവത്തെ കുറിച്ചന്വേഷിക്കാൻ രണ്ടുപേരെ പറഞ്ഞുവിട്ടു. സർനാ സ്‌റ്റേഷനിലെയും തൊട്ടടുത്ത ഗ്രാമങ്ങളിലെയും ആളുകളോടവർ സംഭവത്തെ കുറിച്ചന്വേഷിച്ചു. ഹിന്ദുക്കളുടെ ഒരു ഘോഷയാത്ര അത് വഴി കടന്നുപോയിരുന്നു. അവർ മുദ്രാവാക്യം മുഴക്കിയിരുന്നു എന്നത് ശരിയാണ്. പക്ഷേ ആക്രമണോദ്ദേശ്യം അവർക്കുണ്ടായിരുന്നില്ല.

ക്രമത്തിൽ ഞങ്ങളുടെ ഗ്രാമം പുറംലോകവുമായി ബന്ധമറ്റുകൊണ്ടിരുന്നു. തീവണ്ടികളുടെ വരവുനിലച്ചു. ബസസ്സുകളുടെ ഓട്ടം നിന്നു. അതിഥികൾ വരാതായി. പഠാൻകോട്ടുമായുള്ള ബന്ധം അറ്റു. മറ്റുഗ്രാമങ്ങളുമായും ബന്ധപ്പെടാൻ കഴിയാതെയായി. തപാലുകൾ വരുന്നില്ല. പത്രങ്ങൾ വരുന്നില്ല. ആകെയുള്ള ആശ്രയം ഒരു റേഡിയോ മാത്രം. അതിൽനിന്ന് ജനങ്ങൾ എങ്ങനെയാണ് സ്വാതന്ത്ര്യം ആഘോഷിച്ചുകൊണ്ടിരിക്കുന്നത് എന്നതിനെപ്പറ്റി ഏകദേശ ധാരണകിട്ടി. രക്തച്ചൊരിച്ചിൽ വർധിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ പാലായനം തുടരുന്നു. അഭയാർഥി ക്യാമ്പുകൾ ഉയർന്നുകൊണ്ടിരിക്കുന്നു. പക്ഷേ, ഒന്നിന്റെയും വിശദമായ വിവരങ്ങളില്ല. ചൗധരി നിയാസ് അലിഖാന്റെ കോട്ടയിൽ (അദ്ദേഹത്തിന്റെ വസതിയെ അങ്ങനെയാണ് വിളിച്ചിരുന്നത്) ഏതെങ്കിലും ഉദ്യോഗസ്ഥർ വരുമ്പോൾ അയാളോട് ചോദിച്ച് ചിലതൊക്കെ അറിയും. അല്ലെങ്കിൽ ഞങ്ങളുടെ ഗ്രാമത്തിൽനിന്ന് വല്ലവരും ദൂരത്തെവിടെയോ പോയി തിരിച്ചുവരുമ്പോൾ പുതിയ വിവരങ്ങൾ കൊണ്ടുവരും. ക്രമേണ ഇങ്ങനെയുള്ള വിവരങ്ങളും കിട്ടാതെയായി. ഗ്രാമത്തിലെ കാവൽ ഏർപ്പാടുകൾ തികച്ചും പട്ടാളച്ചിട്ടയിലായിക്കഴിഞ്ഞിരുന്നു. ഇരുപത്തിനാലു മണിക്കൂറും കാവൽ ഡ്യൂട്ടി. രാത്രി കാവൽ സംവിധാനം കൂടുതൽ ശക്തമായിരിക്കും. രാജാ ഇഹ്സാനുൽഹഖ് ഗ്രാമത്തിലെ കരുത്തരായ ആളുകളെയും അയൽ പ്രദേശങ്ങളിൽനിന്നുവരുന്ന അഭയാർഥികളിൽ നിന്നും തെരഞ്ഞെടുത്ത ചിലരെയുംകൊണ്ട് പരേഡുകൾ നടത്തിച്ചു.

ഞങ്ങളുടെ അടുത്തെത്തിച്ചേർന്ന അഭയാർഥികളിൽ പലരും ഹിന്ദു സിഖ് ജൂതന്മാരുടെ കീഴിൽ ദീർഘകാലമായി മർദന പീഡനങ്ങൾ സഹിച്ചവരായിരുന്നു. അവരെക്കുറിച്ച ഭയം അവരുടെ മനസ്സുകളെ വിട്ടുമാറിയിരുന്നില്ല. ഈ പേടിത്തൊണ്ടന്മാർക്ക് ധൈര്യവും ആവേശവും പകരുവാനായി ഇഹ്സാനുൽഹഖ് സാഹിബ് അവരുടെ മുമ്പിൽ ആവേശകരമായ പ്രസംഗങ്ങൾ ചെയ്തു.

രസകരമായ ഒരു സംഭവം. ദാറുൽ ഇസ്‌ലാമിലേക്കുള്ള റോഡ് റെയിൽപാതയിലെ ഒരു ചെറിയ പാലത്തിനടിയിലൂടെയായിരുന്നു. ഈ പാലത്തിനു തൊട്ടുമുമ്പിൽ വച്ചാണ് റോഡ് ദാറുൽ ഇസ്‌ലാമിലേക്ക് തിരിയുന്നത്. ഈ വളവിൽ ഒരു കാവൽക്കാരൻ കുന്തവുമായി നിലയുറപ്പിച്ചിരുന്നു. റഷീദ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ. ഒരിയ്ക്കൽ പെട്ടെന്ന ഒരു പോലീസ് വാഹനം അവിടെ എത്തി. വാഹനം തന്റെ മുമ്പിലെത്തിയപ്പോൾ റഷീദ് കുന്തം മുന്നോട്ടുനീട്ടി കൽപിച്ചു: നിൽക്ക്! പോലീസുദ്യോഗസ്ഥൻ വാഹനത്തിൽ നിന്നിറങ്ങി റഷീദിനെ അഭിവാദ്യം ചെയ്തുകൊണ്ടു പറഞ്ഞു: മൗലാനാ മൗദൂദിയെ കാണാനാണ് ഞാൻ വന്നത്. റഷീദ് പറഞ്ഞു: അദ്ദേഹത്തിന്റെ അനുവാദം വാങ്ങേണ്ടതുണ്ട്. അനുവാദം കിട്ടുന്നതുവരെ നിങ്ങൾ ഇവിടെ നിൽക്കേണ്ടിവരും. കാവൽക്കാരന്റെ സഹായി മൗദൂദിയുടെ അടുത്തേക്ക് കുതിച്ചു. മൗദൂദിയുടെ അനുവാദവുമായി അയാൾ തിരിച്ചുവന്നതിനു ശേഷമേ റഷീദ് ഉയർത്തിപ്പിടിച്ച കുന്തം താഴ്ത്തിയുള്ളൂ.

സ്ഥിതിഗതികൾ വിലയിരുത്താനായിരിക്കണം പോലീസുകാരൻ വന്നത്. അയാൾ വന്നപ്പോൾ മൗദൂദിയുടെ വീടിനു മുമ്പിൽ കാവൽ ഡ്യൂട്ടിയിലുണ്ടായിരുന്നവർ തങ്ങളുടെ കുന്തങ്ങൾ അയാൾ കാണാതിരിക്കുന്നതിനായി തൊട്ടടുത്തുള്ള വയലിലേക്കെറിഞ്ഞു. പോലിസുകാരൻ വന്ന് ഔപചാരികമായ ചില സംഭാഷണങ്ങൾ നടത്തി തിരിച്ചുപോവുകയും ചെയ്തു.

ദാറുൽ ഇസ്‌ലാമിനു ചുറ്റുമുള്ള ഗ്രാമങ്ങളിൽനിന്ന് അഭയാർഥിപ്രവാഹം ശക്തിപ്പെട്ടു. രണ്ടുമൂന്നു ദിവസം കൊണ്ടുതന്നെ ദാറുൽ ഇസ്‌ലാം അഭയാർഥികളെക്കൊണ്ടു നിറഞ്ഞു. ആഗസ്റ്റ് ആദ്യം മുതൽ തുടങ്ങിയതാണ് ഈ അഭയാർഥി പ്രവാഹം. ആഗസ്റ്റ് പതിനഞ്ചു കഴഞ്ഞതോടെ ഇതിന്റെ ശക്തി വർധിച്ചു. അങ്ങനെ ദാറുൽ ഇസ്‌ലാം ഒരു അഭയാർഥി കേന്ദ്രമായി മാറി. അവരുടെ സഹായത്തിനു പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തി. ഈ അനുഭവം ജമാഅത്തെ ഇസ്‌ലാമിയുടെ പിന്നീടള്ള ജനസേവനപ്രർത്തനങ്ങൾക്കു വലിയ മുതൽക്കൂട്ടായിത്തീർന്നു. വൃദ്ധന്മാർ,സ്ത്രീകൾ, കുട്ടികൾ, എണ്ണയാലൊടുങ്ങാത്ത പ്രശ്നങ്ങൾ. അഭയാർഥികളിൽ ചിലർ ഭക്ഷണസാധനങ്ങൾ കൂടെ കൊണ്ടുവന്നിരുന്നു. ചിലർ പോത്തുവണ്ടികളിൽ ചാക്കു കണക്കിന് ഗോതമ്പുമായാണ് വന്നിരുന്നത്. ഒരു വർഷത്തേക്കുള്ള ഭഷണങ്ങൾ ദാറുൽ ഇസ്‌ലാമിൽത്തന്നെയുണ്ടായിരുന്നു. അത് പൊതുസ്വത്തായി പ്രഖ്യാപിച്ചു. അനന്തരം അഭയാർഥികൾ കൊണ്ടുവന്ന ഭക്ഷ്യവസ്തുക്കളും ഈ ശേഖരത്തിൽ ലയിപ്പിച്ചു. അതിൽനിന്ന് ഓരോ വ്യക്തിക്കും ഓരോ കുടുംബത്തിനും റേഷൻ ഏർപ്പെടുത്തി. റേഷൻ ഓരോ ദിവസവും നൽകിക്കൊണ്ടിരുന്നു. വെള്ളത്തിന് കിണറും പുഴയുമുണ്ടായിരുന്നു. വിറക് കാട്ടിൽ ധാരാളം. ഭക്ഷണം മാത്രമായിരുന്നു പ്രശ്നം. ആ പ്രശ്നവും കുറേ നാളത്തേക്ക് പരിഹരിക്കപ്പെട്ടു. ക്യാമ്പിന്റെ സംരക്ഷണം, റേഷൻ വിതരണം, ശുചീകരണം, സ്ഥലം അനുവദിക്കൽ, ചികിത്സ ഇതെല്ലാം ജമാഅത്ത് പ്രവർത്തകർ ഏറ്റെടുത്തു. നല്ല അധ്വാനമുള്ള ജോലിതന്നെ. കഷ്ടിച്ച് രണ്ടു മണിക്കൂർ മാത്രം ഉറക്കം. അതും ഏതെങ്കിലും നിലത്ത്. ദൈവാനുഗ്രഹത്താൽ ഭക്ഷണവിതരണ സംവിധാനം കുറ്റമറ്റാതായിരുന്നു. നെല്ല്, പഞ്ചസാര, കോഴി, പരിപ്പ് എല്ലാം ഒരിടത്ത് ശേഖരിച്ചു. തുടർച്ചയായ കോഴിയിറച്ചി. നല്ല മസാലയും നെയ്യും ചേർത്തു കൊണ്ടുതന്നെ. ചായ നാലു നേരം, അവരവരുടെ ഡ്യൂട്ടിസ്ഥലത്ത് എത്തിക്കൊണ്ടി

രുന്നു. മദ്രാസുകാരനായിരുന്നു പാചകക്കാരൻ. എല്ലാം കൃത്യസമയത്ത് അയാൾ തയാറാക്കിക്കൊണ്ടിരുന്നു.

കേമ്പിൽ ഒരു പ്രത്യേക സ്വഭാവക്കാരൻ വന്നു. അയാളുടെ പക്കൽ ധാരാളം ഭക്ഷ്യവസ്തുക്കൾ ഉണ്ടായിരുന്നു. ഇവ അഭയാർഥികൾക്കിടയിൽ ഉയർന്ന വിലയ്ക്കു വിറ്റ് ഒരു കരിഞ്ചന്ത അയാൾ തുടങ്ങി. അയാളുടെ പേരന്തായിരുന്നുവെന്ന് ഇപ്പോൾ ഓർമവരുന്നില്ല. അയാളെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ ആൾ അത്ര നല്ലവനല്ലെന്ന് മനസ്സിലായി. ആദ്യം പ്രസംഗങ്ങളിലൂടെ, ഭക്ഷ്യ വസ്തുക്കൾ സ്വന്തമായി സൂക്ഷിക്കുന്നത് വിലക്കിയിരിക്കുകയാണെന്നും അതിനാൽ എല്ലാവരും അവരവരുടെ കൈവശമുള്ള സാധനങ്ങൾ പൊതുശേഖരത്തിൽ ലയിപ്പിക്കണമെന്നും ഉൽബോധിപ്പിച്ചു. പക്ഷേ, അയാളിൽ അത് തെല്ലും ഏശിയില്ല. അയാളെക്കുറിച്ച് പരാതികൾ വർധിച്ചുവന്നു. ഒടുവിൽ അയാളെ നേരിൽ ഉപദേശിച്ചു. ഇവിടെ താമസിക്കണമെങ്കിൽ ഇവിടത്തെ വ്യവസ്ഥകൾ പാലിക്കണം. ഇവിടെ ഭക്ഷണസാധനങ്ങൾ വിൽപ്പന നടത്താൻ പാടില്ല. കൈവശമുള്ളതെല്ലാം പൊതുശേഖരത്തിൽ ലയിപ്പിച്ചു എല്ലാവരുമായി പങ്കിടണം. അയാളുടെ മറുപടി ഇതായിരുന്നു. എന്റെ കൈവശമുള്ളത് എന്റെ ഇഷ്ടം പോലെ സൂക്ഷിക്കുകയോ വിൽക്കുകയോ ചെയ്യും. മറ്റുള്ളവർക്ക് അതിലെന്തു കാര്യം?" അത് കേൾക്കെ രാജാ ഇഹ്സാനുൽ ഹഖിലെ പട്ടാളക്കാരൻ സടകുടഞ്ഞു: "ഉം, എണീക്ക്; പെട്ടിയും സാധനങ്ങളും എടുത്ത് ഉടനെ സ്ഥലം വിട്; ഇവിടെ നിനക്ക് സ്ഥലമില്ല." പാവം വിറച്ചുപോയി. ഉടനെത്തന്നെ കൈവശമുള്ള ഭക്ഷ്യസാധനങ്ങളെല്ലാം അയാൾ പൊതുശേഖരത്തിന് നൽകി.

**രക്തസാക്ഷി**

മുസ്‌ലിംകളുടെ കഷ്ടപ്പാടുകളെക്കുറിച്ച ചിന്ത യാതൊരു സ്വാസ്ഥ്യവും അനുവദിച്ചില്ല. പലയിടത്തും മുസ്‌ലിംകൾ തടഞ്ഞുവെക്കപ്പെട്ടിരിക്കുന്നു. ചിലയിടങ്ങളിൽ അവരെ ഹിന്ദുക്കളാക്കാനുള്ള ശ്രവും നടന്നു. ചിലയിടങ്ങളിൽനിന്ന് മുസ്‌ലിംകൾ ഭക്ഷണസാധനങ്ങളും കന്നുകാലികളും എല്ലാമായാണ് പാലായനം ചെയതുവന്നിരുന്നത്. മൗലാനാ മൗദൂദിയുടെ നിർദേശങ്ങൾക്കൊത്ത് ഞങ്ങൾ പ്രവർത്തനം തുടർന്നു.

ആഗസ്റ്റ് 23-ന് കിഴക്കുഭാഗത്തുള്ള ചില ഗ്രാമങ്ങളിലെ മുസ്‌ലിംകളെക്കുറിച്ച് അശുഭകരമായ റിപ്പോർട്ടുകൾ ലഭിച്ചു. സംഗതി നേരിട്ടു മനസ്സിലാക്കാനായി രാജാ ഇഹ്സനുൽഹഖിനെയും അദ്ദേഹത്തിന്റെ സഹോദരനായ മുഹമ്മദ് അസ്‌ലമിനെയും അങ്ങോട്ടയച്ചു. വളരെ കഴിഞ്ഞിട്ടും അവർ തിരിച്ചുവരാതിരുന്നത് ബേജാറ് ഉളവാക്കി. അവരെ കണ്ടെത്താൻ മറ്റൊരു സംഘത്തെ അയക്കാനുള്ള ആലോചന നടന്നു. പേക്ഷേ, അപ്പോഴേക്കും തങ്ങളുടെ റിപ്പോർട്ടുമായി അവർ തിരിച്ചെത്തി.

ആഗസ്റ്റ് 24-ന് ഒരു ദാരുണസംഭവം നടന്നു. അബ്ദുറഹിമാൻ ബഹാവൽപുരിക്കായിരുന്നു അന്നത്തെ കാവൽ ഡ്യൂട്ടി. ആരോഗ്യ ദൃഢഗാത്രനും ധീരനുമായിരുന്നു അദ്ദേഹം. സുബഹിയോടടുത്ത സമയം ഒരു സ്ത്രീ നിലവിളിച്ചുകൊണ്ടുവന്ന് ഇങ്ങനെ പറഞ്ഞു: "അവിടെ മുഴുവൻ സിക്കുകാരാണ്. ദയവായി എന്റെ കൂടെ വന്ന് എന്റെ സാധനങ്ങളെല്ലാം ഒന്ന് പുറത്ത് എത്തിച്ചുതരണം." മുറപ്രകാരം ഈ പ്രശ്നം മൗദൂദിയുടെ മുമ്പിൽ അവതരിപ്പിക്കപ്പെടേണ്ടതായിരുന്നു. അദ്ദേഹം ആവശ്യമെന്ന് കണ്ടാൽ കൂടിയാലോചന നടത്തും. എന്നിട്ട് ആവശ്യമായ നടപടി സ്വീകരിക്കാനായി രണ്ടോ മൂന്നോ പേരെ ചുമതലപ്പെടുത്തും. എന്നാൽ ഇവിടെ അതൊന്നും ഉണ്ടായില്ല. സ്ത്രീയുടെ കണ്ണീരും നിലവിളിയും കണ്ട് അബ്ദുറഹിമാന്റെ മനസ്സലിഞ്ഞു. മറ്റൊന്നും ചിന്തിക്കാതെ അയാൾ അവളോടൊപ്പം പുറപ്പെട്ടു. ഉച്ചക്ക് അബ്ദുറഹിമാന്റെ മരണവാർത്തയാണ് വന്നത്.

ദുർബലരായ അഭയാർഥികളിൽ പരിഭ്രാന്തി സൃഷ്ടിക്കരുതെന്ന് കരുതി വാർത്ത മൂടിവെച്ചു. പിന്നീട് മൗദൂദി ഒരു സംഘം രൂപീകരിച്ച് എന്തുവന്നാലും അദ്ദേഹത്തിന്റെ മയ്യിത്ത് കണ്ടെടുക്കാൻ അവരെ ചുമതലപ്പെടുത്തി. ദാറുൽ ഇസ്‌ലാമിന് അൽപം പുറത്തായി ഒരു ഖബർ കുഴിക്കാൻ മറ്റൊരു സംഘത്തെയും ഏൽപിച്ചു. മയ്യിത്ത് സംസ്കരണങ്ങളെല്ലാം ദാറുൽ ഇസ്‌ലാമിന് പുറത്ത് വെച്ചാകണമെന്ന് നിർദേശിച്ചു.

മയ്യിത്ത് കണ്ടുകിട്ടിയ സ്ഥലത്ത്, നിലത്ത് ഒരു സംഘട്ടനത്തിന്റെ എല്ലാ ലക്ഷണങ്ങളും കാണുകയുണ്ടായി എന്ന് മയ്യിത്ത് കൊണ്ടുവന്നവർ പറഞ്ഞു. അബ്ദുറഹിമാനെ ആക്രമിച്ചവർ ഒന്നിലധികം പേരുണ്ടായിരുന്നു എന്നാണ് ലക്ഷണങ്ങളിൽനിന്ന് വ്യക്തമാകുന്നത്. അവരുമായി അദ്ദേഹം നല്ല മൽപിടുത്തം തന്നെ നടത്തിയിട്ടുണ്ടാവണം. തലക്കും നെഞ്ചിനുമാണ് അദ്ദേഹത്തിനു വെട്ടേറ്റിരുന്നത്. പിന്നീട് കേട്ടു ആ സ്ത്രീ അഭിനയിക്കുകയായിരുന്നുവെന്ന്. അവർ പിന്നീട് ആ ഗ്രാമത്തിൽതന്നെ നിൽക്കുകയാണുണ്ടായതെന്ന് ഈ സംശയത്തിന് ബലം നൽകുന്നു.

**ഭീകരമായ ഒരു രാത്രി**

ഈ സംഭവം നടന്ന അന്നത്തെ രാത്രി വളരെ ഭയാനകമായിരുന്നു. അബ്ദുറഹ്മാന്റെ മരണം സൃഷ്ടിച്ച ദുഃഖം കനത്തുനിന്നിരുന്നു. വളരെ സമർഥമായ നിലയിൽ തിന്മക്കു തുടക്കം കുറിച്ച സിക്കുകാർ കൂടുതൽ കടുത്ത നടപടികൾക്ക് മുതിരുകയില്ലെന്ന് ആരുകണ്ടു. അന്ന് വൈകുന്നേരും സുരക്ഷാ നടപടികൾ വിശദമായി പുനക്രമീകരിച്ചു. സ്ത്രീകളെയും കുട്ടികളെയും മുഴുവൻ മൗലാനാ മൗദൂദിയുടെ വീട്ടിൽ ഒരുമിച്ചുകൂട്ടി. മൗലാനാ സ്ത്രീകളെ അഭിമുഖീകരിച്ച് ഒരു പ്രസംഗം ചെയ്തു. അവരിൽ ജിഹാദികാവേശം ഉത്തേജിപ്പിച്ചുകൊണ്ടദ്ദേഹം പറഞ്ഞു: "ഞങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം ശത്രുക്കൾ നിങ്ങൾക്ക് ഒരു പോറൽപോലും ഏൽപിക്കുകയില്ല. ഞങ്ങളുടെ കഥ കഴിയുകയും നിങ്ങളുടെ രക്ഷക്ക് നിങ്ങൾ മാത്രം അവശേഷിക്കുകയും ചെയ്താൽ.... ഇതാ മണ്ണെണ്ണ സംഭരിച്ചു വെച്ചിരിക്കുന്നു. തുണികൾകൊണ്ട് പന്തുകളുണ്ടാക്കി മണ്ണെണ്ണയിൽ കത്തിച്ച് ശത്രുക്കൾക്കു നേരെ എറിയണം. മുറ്റത്ത് കല്ലുകളും ഇഷ്ടികകളും കൂട്ടിയിട്ടിട്ടുണ്ട്. ആദ്യം അവയാണു പയോഗിക്കേണ്ടത്. ആർക്കും അടുത്തുവരാനാവാത്തവിധം ശക്തിയായി എറിയണം.

ആ രാത്രി ഞങ്ങളാരും ഉറങ്ങിയില്ല. ഓരോരുത്തരും അവരവർക്കു നിശ്ചയിച്ച ഡ്യൂട്ടി സ്ഥലത്ത് ഓരോ ശബ്ദത്തിനും കാതോർത്ത് നേരം വെളുപ്പിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അനിഷ്ടസംഭവങ്ങൾ ഒന്നും ഉണ്ടായില്ല.

ഇപ്പോൾ ഓർമവന്ന ഒരു സംഭവം കുറിക്കട്ടെ. സുരക്ഷാ ഏർപ്പാടുകളുടെ ഭാഗമായി നിശ്ചയിക്കപ്പെട്ട ഓരോ കമാണ്ടർമാർക്കും ഓരോ ശിപായിയെയും നിശ്ചയിച്ചിരുന്നു. ഇദ്ദേഹമാണ് അടിയന്തിര സന്ദേശങ്ങൾ കമാണ്ടർ-ഇൻ-ചീഫിന് എത്തിക്കുക. കമാണ്ടർ-ഇൻ-ചീഫ് മൗലാനാ മൗദൂദി തന്നെയായിരുന്നു. അദ്ദേഹത്തിന്റെ അടുത്തും ശിപായിമാരും സഹായികളുമുണ്ടായിരുന്നു. ഒരു സായാഹ്നത്തിൽ, ഒരാൾ തോക്കുമായി വരുന്നുണ്ടെന്നും ചില ആളുകൾ കുറ്റിക്കാട്ടിൽ പതുങ്ങിയിരിപ്പുണ്ടെന്നും ഒരു ശിപായി മൗദൂദിക്കു വിവരമെത്തിച്ചു. എന്നാൽ ഒരു സർക്കാറുദ്യോഗസ്ഥൻ തോക്കുമേന്തി ഹൈന്ദവ കീർത്തനങ്ങൾ ഉറക്കെ ആലപിച്ചുകൊണ്ട് വരുന്നതായി മൗദൂദിക്ക് നേരത്തെ വിവരം ലഭിച്ചിരുന്നു. ഉടനെത്തന്നെ മൗദൂദി ഏതാനും പേരെ തിരഞ്ഞെടുത്ത്, കുറ്റിക്കാടുകളിൽ പതിഞ്ഞിരുന്നുകൊണ്ട് ആ വരുന്ന ആളെ സുരക്ഷിതമായ സ്ഥലത്തെത്തിക്കണമെന്ന് നിർദേശംകൊടുത്ത് അയച്ചിരുന്നു. അത് വിജയിച്ചു. ആ രാത്രി ഒരു തോക്കുകൂടി ലഭിച്ചു. ആ മനുഷ്യൻ പിന്നീട് ചൗധരി നിയാസ് അലി സാഹിബിന്റെ കോട്ടയിലേക്കു പോയി.

ആ കാലത്തെ രണ്ടു സംഗതികൾ പ്രത്യേകം പരാമർശമർഹിക്കുന്നു. മൗദൂദിയെ ഭയമോ, നിരാശയോ ഒരിക്കലും അൽപവും ബാധിച്ചിരുന്നില്ല എന്നല്ല, മറ്റുള്ളവരെ അത് ബാധിക്കാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല എന്നതാണ് ഒന്ന്. രണ്ടാമതായി, എന്തൊരു പ്രശ്നമുണ്ടായാലും അതിന് പെട്ടെന്ന് പരിഹാരങ്ങൾ നിർദേശിക്കാൻ അദ്ദേഹം പ്രകടിപ്പിച്ച പാടവം തികച്ചും അസാമാന്യമായിരുന്നു. പ്രവർത്തകർക്ക് ധൈര്യവും ആത്മവിശ്വാസവും പകർന്നുകൊടുക്കുന്നതിൽ ഈ

രണ്ടു കാര്യങ്ങളും വലിയ പങ്കുവഹിച്ചു.

**ഭാഗ്യത്തിനു രക്ഷപ്പെട്ടു**

സർനാ സ്റ്റേഷനിൽ മുസ്‌ലിമായ ഒരു അസിസ്റ്റന്റ് സ്റ്റേഷൻ മാസ്റ്റർ ഉണ്ടായിരുന്നു. സർക്കാർ വക കോർട്ടേഴ്സിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. ദാറുൽ ഇസ്‌ലാമിൽ വന്ന് താമസിച്ചുകൊള്ളാൻ അദ്ദേഹത്തിനു നേരത്തെത്തന്നെ മൗദൂദി നിർദേശം നൽകിയിരുന്നു. എന്നാൽ ജോലി സംബന്ധമായ ചില താൽപര്യങ്ങൾ പരിഗണിച്ച് അദ്ദേഹം അവിടെത്തന്നെ താമസിക്കുകയാണുണ്ടായത്. എന്നാൽ, അവസാനം തന്റെ വീട് ഒഴിച്ചുപോരാൻ അദ്ദേത്തിനു മൗദൂദിയുടെ സഹായം തേടേണ്ടിവന്നു. മൗദൂദി ആഗസ്റ്റ് 25-ന് എന്നെയും അബ്ദുറഹ്മാൻ സാഹിബിനെയും സയ്യിദ് നഖി അലി സാഹിബിനോടൊപ്പം അയച്ചു. ഞങ്ങൾ സ്റ്റേഷനിലെത്തിയപ്പോൾ അവിടമാകെ വിജനമായിരുന്നു. പിന്നീട് ഓരോ ഭാഗത്ത് നിന്ന് ഓരോരുത്തരായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഒരു നല്ല ജനക്കൂട്ടം തന്നെ ഒരുമിച്ചുകൂടി. അവരുടെ ഉദ്ദേശം ശരിയല്ലെന്ന് തോന്നി. അവരുടെ സംസാരത്തിൽ വലിയ കൃത്യമത്വം കാണപ്പെട്ടു. അവർ പതുക്കെ പതുക്കെ നഖി അലി സാഹിബിനെ വളഞ്ഞുകൊണ്ടിരുന്നു. നഖി അലി സാഹിബ് ശുദ്ധഗതിക്കാരനും നല്ല സംസാരപ്രിയനുമായിരുന്നു. ഞങ്ങളേക്കാളെല്ലാം കൂടുതൽ പ്രബോധനാവേശമുള്ളയാളും. അദ്ദേഹം അവരുമായി തുരുതുരാ സംസാരിച്ചുകൊണ്ടിരുന്നു. ആപൽസാധ്യത എനിക്ക് ശരിക്ക് ബോധ്യമായപ്പോൾ ഞാൻ അൽപം അകലേക്കു മാറിനിന്ന് നഖി അലി സാഹിബിനെ വിളിച്ചു: “വേഗമാകട്ടെ, സാധനങ്ങൾ കൊണ്ടുപോകാൻ ഉന്തുവണ്ടി കൊണ്ടുവരണം.” അനന്തരം ഞാനും അബ്ദുറഹീം സാഹിബും അൽപംകൂടി മുന്നോട്ടു നടന്നു. കുറേക്കൂടി ഉച്ചത്തിൽ വീണ്ടും വിളിച്ചു. ഭാഗ്യം. അദ്ദേഹം വന്നു. ശത്രുക്കൾക്ക് ഞങ്ങൾ തിരിച്ചുവരുമെന്ന തോന്നൽ നൽകിക്കൊണ്ടാണ് ഞങ്ങൾ അവിടെ വിട്ടത്. സ്റ്റേഷൻ മാസ്റ്റർ ഇവിടെത്തന്നെ നിന്നുകൊള്ളട്ടെ. അദ്ദേഹത്തിന് ഒരാപത്തും സംഭവിക്കില്ല എന്ന് അവർ പറഞ്ഞിരുന്നു. എന്നാൽ, അവരുടെ യഥാർഥ ഉദ്ദേശ്യം അദ്ദേഹത്തിന്റെ കഥ കഴിക്കുകയായിരുന്നുവെന്ന് വ്യക്തമായിരുന്നു. പിന്നീട് വലിയൊരു സംഘത്തെ അയച്ചാണ് സ്റ്റേഷൻ മാസ്റ്ററുടെ സാധനങ്ങൾ കൊണ്ടുവന്നത്.

അടുത്ത ദിവസം സിക്കുകാരനായ ഒരു പോലീസുദ്യോഗസ്ഥൻ വന്ന് മൗലാനാ മൗദൂദിയോട് പറഞ്ഞു: താങ്കൾ ആഗ്രഹിക്കുകയാണെങ്കിൽ സ്ഥലം ഒരഭയാർഥി ക്യാമ്പായി അംഗീകരിച്ച് സർക്കാരിന് ഏൽപിച്ചുകൊടുക്കാം. നിങ്ങളുടെ സുരക്ഷിതത്വത്തിനുള്ള ഏർപ്പാടുകളും സർക്കാർ ചെയ്തുതരും. പക്ഷേ, ആ നിർദേശം മൗദൂദി നിരസിക്കുകയാണ് ചെയ്തത്.

**പുതിയ പദ്ധതി**

മൗദൂദി സ്ഥിതിഗതികളെ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ഓരോ പ്രശ്നങ്ങളിലും നല്ലവണ്ണം ആലോചിച്ച് തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തുകൊണ്ടിരുന്നു. പോലീസുകാരൻ വന്നുപോയശേഷം ഒരു സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞു: ആരെങ്കിലും നമ്മോട് ആയുധം ആവശ്യപ്പെടുകയാണെങ്കിൽ ഒരിക്കലും അത് കൊടുക്കരുത്. ബലം പ്രയോഗിച്ച് പിടിച്ചെടുക്കുകയാണെങ്കിൽ ആദ്യം അയാളെ വകവരുത്തണം. ഒരു ദിവസം അദ്ദേഹം ഒരു നിർദേശം വെച്ചു. നാലുഭാഗത്തുമുള്ള മുസ്‌ലിംകൾ കുടിയൊഴിച്ചു പോയിക്കൊണ്ടിരിക്കുമ്പോൾ ഒരു തുരുത്തുപോലെ നമുക്കിവിടെ കഴിഞ്ഞുകൂടാൻ സാധിക്കുകയില്ല എന്നതിനാൽ എല്ലാ അഭയാർഥികളേടുമൊപ്പം ഒരു ഖാഫിലയായി ഇവിടെനിന്ന് പുറപ്പെടാൻ ഞാൻ തീരുമാനിച്ചിരിക്കയാണ്. വഴിയിൽ കാണുന്ന കാഫിലകളെയും നമുക്ക് കൂടെ ചേർക്കാം. വല്ല എതിർശക്തികളെയും നേരിടേണ്ടിവരികയാണെങ്കിൽ ജിഹാദികാവേശത്തോടെ നമുക്കു പടപൊരുതാം.

**പാക്കിസ്ഥാനിലേക്ക്**

ആഗസ്റ്റ് 29 വെള്ളിയാഴ്ചയായിരുന്നു. സ്വലാത്തുൽ ഖൗഫ് (ഭയത്തിന്റെ നമസ്കാരം) നിർവഹിച്ചു. ആ നമസ്കാരത്തിന്റെ അർഥവും ഗാംഭീര്യവും അപ്പോഴാണ് മനസ്സിലായത്. അന്നുച്ചക്ക് പൊടുന്നനെ പാക്കിസ്ഥാന്റെ സൈനിക വാഹനങ്ങൾ ദാറുൽ ഇസ്‌ലാമിന്റെ സമീപമെത്തി. കൂട്ടത്തിൽ രണ്ടു ബസുകൾ ഉണ്ടായിരുന്നു. ഒന്ന് അവരവിടെ വിട്ടേച്ചുപോയി. പോകാനുള്ളവർ വേഗം തയാറാവാൻ നിർദേശവും തന്നു. ഞങ്ങൾ കൂടിയാലോചിച്ചു. ഇപ്പോൾ സ്ത്രീകളെയും കുട്ടികളെയും മാത്രം അയച്ചാൽ മതിയെന്ന് തീരുമാനിച്ചു. അവരോടൊപ്പം വളരെ അത്യാവശ്യമായ ചില സാധനങ്ങളും അയക്കാം. ആഗസ്റ്റ് 30-ന് പുലർച്ചക്ക് സ്ത്രീകളുടെയും കുട്ടികളുടെയും ആദ്യസംഘം പുറപ്പെട്ടു. വൈകുന്നേരം അവർ ലാഹോറിലെത്തിച്ചേർന്നു. ചൗധരി നിയാസ് അലി സാഹിബിന്റെ വീട്ടിൽ നിന്നുള്ളവരും കൂട്ടത്തിൽ അയക്കപ്പെട്ടു. ഇതോടെ ദാറുൽ ഇസ്‌ലാമിലെ പ്രതിരോധസേന കൂടുതൽ ഭദ്രമായി. സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്ന പ്രശ്നം ഒഴിഞ്ഞുകിട്ടിയല്ലോ.

**കഥാവസാനം**

അബ്ദുൽ ജബ്ബാർ ഗാസി സാഹിബ് പാറ്റ്നയിലെ തർബിയ്യത്ത് ഗാഹിൽ പങ്കെടുക്കുന്നതിനുവേണ്ടി ദാറുൽ ഇസ്‌ലാമിൽനിന്ന് നേരത്തെ അവിടേക്ക് പുറപ്പെട്ടിരുന്നു. സ്ഥിതിഗതികൾ വഷളായപ്പോൾ അദ്ദേഹം എങ്ങിനെയൊക്കെയോ ലാഹോറിൽ എത്തിപ്പെട്ടു. അവിടെ വെച്ച് സർക്കാരുമായി ബന്ധപ്പെട്ടു. ദാറുൽ ഇസ്‌ലാമിലേക്ക് ബസുകളും മറ്റും അയച്ചു. ഇത്തവണ മൗദൂദിയടക്കം കുറെപേർ യാത്രയായി. ദാറുൽ ഇസ്‌ലാമിലെ കാര്യങ്ങൾ രാജാ ഇഹ്സാനുൽ ഹഖിനെ ചുമതലപ്പെടുത്തിയാണ് അദ്ദേഹം പോയത്. ദാറുൽ ഇസ്‌ലാം പിന്നീട് സർക്കാർ കേമ്പാക്കി മാറ്റപ്പെട്ടു. ലാഹോറിൽനിന്ന് പ്രത്യേക തീവണ്ടി അയച്ച് ക്യാമ്പിലുള്ളവരെയാല്ലാം കൊണ്ടുവന്നു. എല്ലാവരുംസുരക്ഷിതമായി ലാഹോറിൽ എത്തിച്ചേർന്നു.

പഠാൻകോട്ടുനിന്നു പുറപ്പെട്ട വണ്ടിയിൽ മൗലാനാ മൗദൂദിയെ കൂടാതെ പ്രശസ്ത ജർമൻ നവമുസ്‌ലിമും പണ്ഡിതനുമായ മുഹമ്മദ് ആസദും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ഭയം മുറ്റി നിൽക്കുന്ന അന്തരീക്ഷത്തിലുള്ള യാത്ര. മുന്നിലും പിന്നിലും പട്ടാളക്കാർ കാവലുണ്ടായിരുന്നു. റോഡിൽ പലയിടങ്ങളിലും ശവങ്ങൾ വീണു കിടക്കുന്നതു കണ്ടു. ദിവസങ്ങളായി കൊലയും കൊള്ളയും നടക്കുകയായിരുന്നു. ഞങ്ങളുടെ വണ്ടി അമൃത്സറിലൂടെ കടന്നുപോകുമ്പോൾ മുറാദ് അലിഷായാണ് ആ കാഴ്ച കാണിച്ചുതന്നത്. ഒരു സിക്കു യുവാവ് തന്റെ വീടിന്റെ ജനാലയിൽക്കൂടി ഞങ്ങളുടെ നേർക്ക് റൈഫിൾ ചൂണ്ടി വെടിയുതിർക്കാൻ ശ്രമിക്കുന്നു; അവന്റെ പിതാവാണെന്ന് തോന്നുന്നു മറ്റൊരാൾ പിടിച്ചടുക്കാനും ഉന്നം പിഴപ്പിക്കാനും നിരന്തരം നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവൻ വെടിവെച്ചാൽ പാക്കിസ്ഥാൻ ജവാന്മാർ തിരിച്ചു വെടിവെക്കുമെന്ന് ഉറപ്പായിരുന്നു. ദൈവം രക്ഷിച്ചു. അവസാനം ഞങ്ങൾ പാക്കിസ്ഥാന്റെ അതിർത്തിയിൽ പ്രവേശിപ്പിച്ചപ്പോൾ ഒരു വലിയ വിപത്തിൽനിന്നു രക്ഷപ്പെട്ട അനുഭൂതിയായിരുന്നു.